ജി. ശങ്കർ
(Architecture
81 Batch)

## നിർമാതളവും നക്ഷത്രവും

ഇന്ന് നവംബർ 26

എന്റെ പ്രിയ പങ്കാളി സന്ദീപ് ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു. സമയപരിധി കഴിയുന്ന കാര്യം! അതിരാവിലെ എഴുന്നേറ്റ് എഴുതുവാനിരിക്കുന്നതിന് മുൻപ് ഇ-മെയിൽ പരിശോധിക്കുമ്പോഴാണ് അവിചാരിതമായി - കാരണം അതയച്ച അജ്ഞാതനാമാവിനെ എനിക്ക് അറിയില്ല - മനസ്സിനെ ഭയചകിതമാക്കിയ വാക്കുകളിൽ കുരുങ്ങിപ്പോയത്.

ഡിസംബർ മൂന്നാംവാരത്തിൽ സൂര്യനും ഭൂമിയും നേർക്കുനേർ വരുമെന്നും വാർത്താവിനിമയ സംവിധാനങ്ങൾ തകരുമെന്നും മൂന്നുനാൾ ഇരുൾ വ്യാപിക്കുമെന്നും ഭൂമിക്കും ജീവനും ക്ഷതങ്ങൾ ഏൽക്കുമെന്നും എന്നും മറ്റും.

നിങ്ങൾ എന്റെ ഈ ചെറുലേഖനം വായിക്കുന്നുണ്ടെങ്കിൽ അതിനർത്ഥം ഞാനും നിങ്ങളും ഈ വിപത്തിനെ മറികടന്നു എന്നതാണല്ലോ.

ചിന്തകളിൽ തീപിടിക്കുമ്പോൾ ധ്യാനവ്യഗ്രതയോടെ ഞാൻ വായിക്കുന്ന പുസ്തകമാണ് "STREAMS IN THE DESERT". *കഠിനമായ സങ്കടഭൂമികളിൽ ഒഴുകുന്ന അരുവികളെ കുറിച്ചാണ് ഇന്നത്തെ കുറിപ്പ്. കാനനിലെ മലനിരകൾക്കിടയിൽ എബ്രഹാമും മീഡിയനിലെ പാറക്കൂട്ടങ്ങൾക്കിടയിൽ മോശയും കണ്ടെത്തിയ നിലയ്ക്കാത്ത ഉറവകൾ മനസ്സിലേക്ക് ഒഴുകിയെത്തുമ്പോൾ തീയണയുന്നു. വിഹ്വലതകൾ കുറയുന്നു.

എനിക്കിനി എഴുതുവാൻ കഴിയും.

ഭാരതത്തിന്റെ വികസനരേഖയിൽ ഏറ്റവും നിർണ്ണായകമായ കേന്ദ്രബിന്ദു സന്തുലിതമായ ആവാസവ്യവസ്ഥയാണ്. വീട് എന്നുവെച്ചാൽ വെറും മുറികളുടെ കൂട്ടിച്ചേരലല്ലെന്നും അതിനപ്പുറത്തേക്ക് മണ്ണും വിണ്ണും മരങ്ങളും ഒക്കെ ചേരുന്ന ജൈവവ്യവസ്ഥയാണെന്നും നാം തിരിച്ചറിയേണ്ടതുണ്ട്. വർത്തമാനകാലം ആവശ്യപ്പെടുന്ന ഏറ്റവും വലിയ വെല്ലുവിളി ദീർഘവീക്ഷണത്തോടെയുള്ള ഒരു പാർപ്പിടപരിപ്രേക്ഷ്യമാണ്.

കേരളത്തിന്റെ ഭൂപ്രകൃതിയുടെ വൈവിധ്യം നിലനിർത്തുന്നതാണ് ഏറ്റവും പ്രധാനം. സമൃദ്ധമായ മലനാടുകളും ഇടനാടുകളും ദീർഘമായ തീരപ്രദേശവും ചേർന്ന ഈ ഭൂമി ദൈവത്തിന്റെ വരദാനമാണ്. തനത് വാസ്തുശില്പശൈലി ഭൂമിയുടെ ഈ വൈവിധ്യം സ്വാംശീകരിച്ചാണ് വികസിച്ചുവന്നത്. കാഞ്ഞിരപ്പള്ളിയിലെ വീടിന്റെ രീതി ആയിരുന്നില്ല, തിരുവല്ലായിലെ വീടുകൾക്ക്. ഈയൊരു ഉദാത്ത സംസ്കൃതിയെ ആണ് ജെ.സി.ബി എന്ന ഭീകരനെക്കൊണ്ട് നാം കീഴ്പ്പെടുത്തിയത്. കേരളം മുഴുവൻ മൈതാനമായി മാറിക്കൊണ്ടിരിക്കുന്നു. വയലേലകളും കുളങ്ങളും മലകളുമൊക്കെ കെട്ടിടനിർമ്മാണത്തിന്റെ പേരിൽ നിരത്തപ്പെടുന്നു. ജലനിർഗമനമാർഗ്ഗങ്ങൾ കൊട്ടിയടക്കപ്പെടുന്നു.

സുഹൃത്തുക്കളേ, മൈതാനങ്ങൾ മരുഭൂമികളായി മാറും. കാവ് തീണ്ടിയാൽ കുളം വറ്റുമെന്ന് പറഞ്ഞത് മലയാളികളാണ്. ദുർവിനിയോഗത്തിന്റെ വ്യതിയാനങ്ങൾ തിരുത്തി സർവ്വംസഹയായ ഭൂമിയുടെ കാരുണ്യത്തിലേക്ക് തിരിച്ചുവരിക. Building should not be ona a mountain - They should be of a mountain എന്ന് പറഞ്ഞത് ഞങ്ങളുടെ പെരുന്തച്ചനായ ഫ്രാങ്ക് ലോയിഡ് റൈറ്റാണ്.

മലയാള വാസഗൃഹങ്ങളുടെ ഭംഗി അതിന്റെ ലാളിത്യം തന്നെയാണ്. കണ്ണിന് കുളിർ തോന്നുന്ന രീതിയിലുള്ള നിർമ്മാണരീതികൾ ഭാരതത്തിന്റെ മാതൃകയായി മാറി. ആർക്കിടെക്ചറിൽ സൗന്ദര്യം നിർണ്ണയിക്കുന്ന അനേകം ഘടകങ്ങളുണ്ട്. സംഗീതത്തിനെന്നപോലെ താളം, ലയം, ഏകതാനത തുടങ്ങിയ ചേരുവകൾ സമ്മേളിക്കുമ്പോഴാണ് വീടുകൾക്ക് ചാരുതയേറുന്നത്

* എന്റെ സഹപാഠി ജേക്കബ് ജോർജിന്റെ പ്രിയപത്നി സൂസന്ന ബൈബിളിന്റെ നാട്ടിലുണ്ടായ ഒരത്ഭുത സംഭവം സ്മരിച്ച് തന്ന സമ്മാനം.

അപ്രകൃതികൾ പോലെ അപനിർമ്മിതികളും നമ്മുടെ കാഴ്ചവട്ടത്ത് ഉയരുന്നുണ്ട്. കാഴ്ചക്കാരെ അമ്പരപ്പിക്കുന്ന ഈ കെട്ടിടങ്ങൾ ഏറെ അപകടകാരികളാണ്. ഭൂമി ഒന്നു കുലുങ്ങിയാൽ ആദ്യം നിലംപൊത്തുന്നത് ഇത്തരം നിർമ്മിതികളാണ്. പ്രകൃതിനിയമങ്ങൾ തെറ്റിക്കുവാനുള്ള അവകാശം മനുഷ്യനില്ല തന്നെ. പ്രകൃതിദുരന്തങ്ങൾ എപ്പോഴും ശ്രദ്ധേയമായ പാഠങ്ങൾ നമുക്ക് ബാക്കിവച്ചിട്ടാണ് മറയുന്നത്.

കെട്ടിടനിർമ്മാണത്തിന് തിരഞ്ഞെടുക്കേണ്ട നിർമ്മാണവസ്തുക്കളുടെയും രീതികളുടെയും കാര്യത്തിൽ അവധാനതയോടെ തീരുമാനങ്ങളെടുക്കണം. പ്രാദേശികലഭ്യതയാണ് ഏറ്റവും പ്രധാനപ്പെട്ട ഘടകം. പണിയുവാനുദ്ദേശിക്കുന്ന സ്ഥലത്ത് നിന്ന് അഞ്ചുകിലോമീറ്റർ ചുറ്റളവിൽ നിന്ന് കിട്ടുന്ന നിർമ്മാണവസ്തുക്കൾ കൊണ്ട് മാത്രമേ വീട് നിർമ്മിക്കാവൂ എന്ന് ദശാബ്ദങ്ങൾക്കുമുമ്പ് നമുക്ക് പറഞ്ഞുതന്നത് രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയാണ്. രണ്ടായിരം കിലോമീറ്ററിനപ്പുറമുള്ള ഖനികളിൽ നിന്ന് ഉത്പാദനം ചെയ്തെടുക്കുന്ന മാർബിൾപാളികൾ മലയാളിവാസഗൃഹങ്ങളിൽ അഭിമാനപൂർവ്വം വിരിക്കുമ്പോൾ മറന്നുപോകുന്ന ഏറെ കാര്യങ്ങളുണ്ട്. ഈ കാലൻദൂരം ഓടിയെത്തുമ്പോൾ കത്തിപ്പോകുന്ന പെട്രോൾ-അതുയർത്തുന്ന പുകയും പൊടിയും-ദുർബലങ്ങളായ റോഡുകൾ. മാർബിളിന് പകരം വയ്ക്കുവാൻ നമ്മുടെ സ്വന്തം തറയോടുകൾ വിരിച്ച് പ്രതിരോധം തീർക്കുവാനാകുമോ എന്നതാണ് പ്രധാന ചോദ്യം. തീർച്ചയായും എന്ന് എന്റെ ഉത്തരം. ആരോഗ്യവും കൂട്ടിച്ചേർത്ത് ഭൂമിയിൽ നിർമ്മിക്കുന്ന ഏകതറ തറയോടാണെന്ന് അഭിമാനപൂർവ്വം ഓർക്കുക.

വീടിന്റെ രൂപകല്പനയിൽ ഏറ്റവും നിർണ്ണായകഘടകം കാറ്റിന്റെയും വെളിച്ചത്തിന്റെയും വഴികൾ തുറന്നിടുന്നതാണ്. അതായിരുന്നുവല്ലോ തനത് വാസ്തുശില്പ പാരമ്പര്യം.

ഓരോ വർഷവും കൂടിവരുന്ന വേൽക്കാലങ്ങൾ വലിയൊരു ഭീഷണിയായി മാറുകയാണ്. നമുക്ക് വേണ്ടത് ഇത്തിരി തണുപ്പുള്ള വീടുകളാണ്.

ഇന്ന് തണുപ്പിനും വെളിച്ചത്തിനും വേണ്ടിയാണ് നാം അമൂല്യമായ ഊർജ്ജം കത്തിച്ചുകളയുന്ന സംവിധാനങ്ങളിലേക്ക് തിരിയേണ്ടിവരുന്നത്. സൗമ്യനായ സൂര്യനും സുഗന്ധവാഹിയായ കാറ്റും യഥേഷ്ടം കിട്ടുന്ന ദൈവത്തിന്റെ സ്വന്തം നാടാണിത്. പടിഞ്ഞാറുനിന്ന് വീശിയടിക്കുന്ന മാരുതനെ സ്വീകരിക്കുമ്പോഴും അവിടെയസ്തമിക്കുന്ന സൂര്യൻ അനഭിമതനാവുന്നു. കാര്യം സൂര്യന്റെ ചൂട് മുഴുവനും ആ ഭിത്തിയിൽ ആഗിരണം ചെയ്യുകയും രാത്രിയുഷ്മാവ് കുറയുമ്പോൾ മുറികൾക്കകത്തേക്ക് വമിപ്പിക്കുകയും ചെയ്യും. ദിക്കുകളനുസരിച്ചുള്ള രൂപകല്പനയുടെ ആധാരശില്പങ്ങൾ ഇത്തരം പരിഗണനകൾ തന്നെയാകാം. പലതരം നിർമ്മാണരീതികളിലൂടെയും നാടൻ നിർമ്മാണവസ്തുക്കളുടെ അധികം ഉപയോഗത്തിലൂടെയും ഉഷ്ണം കുറയ്ക്കുവാനുള്ള അനവധി മാർഗ്ഗങ്ങളുണ്ട്. വിസ്തരഭയത്താൽ അതിലേക്ക് ഞാൻ കടക്കുന്നില്ല.

ഈ പശ്ചാത്തലത്തിലാണ് ഇപ്പോൾ ലോകം അംഗീകരിച്ചിരിക്കുന്ന ഹരിതമാനദണ്ഡങ്ങൾ പുനപരിശോധനയ്ക്ക് വിടണമെന്ന് ഞങ്ങളെ പോലെയുള്ളവർ മുറവിളി കൂട്ടുന്നത്. ഗ്ലാസ്സ് ഭിത്തികൾ കടത്തിവിടുന്ന താപോർജ്ജത്തിന്റെ ചില്ലറ ലാഭമുണ്ടാക്കിയാൽ, എയർകണ്ടീഷനിംഗ് യന്ത്രങ്ങളിൽ എന്തെങ്കിലും "പച്ച" ഘടകങ്ങൾ ചേർത്താൽ സന്തുലിതവികസനത്തിന് വഴികാട്ടിയാകും എന്ന് ഞാൻ കരുതുന്നില്ല.

ദിവസേന വർദ്ധിക്കുന്ന സാധനസാമഗ്രികളുടെ വിലനിലവാരവും പ്രകൃതിദത്തവിഭവങ്ങളുടെ ക്ഷാമവും തീർച്ചയായും വരും ദിനങ്ങളിലെ വറുതിയാണ് സൂചിപ്പിക്കുന്നത്. മണൽ വാരി വാരി പുഴകളെല്ലാം മരിച്ചുകഴിഞ്ഞു. പ്രതിരോധത്തിന്റെ ബദലുകൾ സൃഷ്ടിക്കുമ്പോൾ എപ്പോഴും സന്തുലിതവികസനത്തിന്റെ മാനദണ്ഡങ്ങൾ കാത്തു രക്ഷിക്കണം.

വ്യക്തിപരമായി ഈ ദുർഗതിയെ എങ്ങിനെയാണ് നേരിടുന്നതെന്ന് ഞാനെഴുതട്ടെ:

ഭിത്തികളുടെ നിർമാണം ഏകദേശം പൂർണമായി പ്രബലിത മൺകട്ടകൾ കൊണ്ടാക്കി. ഇഷ്ടിക ഉപേക്ഷിക്കുന്നത് വഴി മണ്ണിനെ ചുട്ടെടുക്കുന്ന രീതിയെ നിരാകരിക്കുന്നു. ഫലഭൂയിഷ്ഠമായ വയൽമണ്ണ് കൊണ്ടാണ് പലപ്പോഴും ഇഷ്ടിക വാർത്തെടുക്കാറ്. മാത്രമല്ല, ഈ ചൂളകൾ കത്തിക്കുവാൻ വലിയൊരളവിൽ തടി ആവശ്യമുണ്ട്. വനനശീകരണത്തിന് പലപ്പോഴും ആയം കൂട്ടുന്നത് ഇഷ്ടികച്ചൂളകളാണെന്ന് തോന്നിപ്പോകാറുണ്ട്. കത്തിക്കുമ്പോൾ ഉയരുന്ന പുകയുടെ മാലിന്യം വേറെ! സിമന്റിന് പകരം കുമ്മായം ഉപയോഗിച്ച് അനേക ധർമങ്ങൾ ഞാൻ

നിർവ്വഹിക്കുന്നു. ശ്രേഷ്ഠമായ കുമ്മായ നിക്ഷേപത്തിന്റെ ഏറ്റവും വലിയ ഉറവിടം നമ്മുടെ കൊച്ചുകേരളമാണ്. കുമ്മായത്തിന്റെ സാധ്യതകൾ കണ്ടെത്തുമ്പോൾ തദ്ദേശ തൊഴിൽ സാധ്യതകളും ഇരട്ടിക്കുമെന്ന് ഓർക്കുക.

ഇപ്പോഴും ഓർത്തെടുക്കുന്ന ഒരു രമണീയകാലമുണ്ട്.

എഞ്ചിനീയറിംഗ് കോളെജിൽ രണ്ടാംവർഷം ഞാൻ കോളെജ് മാസികയുടെ എഡിറ്ററായി തിരഞ്ഞെടുക്കപ്പെട്ടു. ആ വർഷത്തെ മാസികയുടെ ആദ്യതാളിൽ ഞാനെഴുതി-"ഈ മൊട്ടക്കുന്ന് കയറിവരുമ്പോൾ ഞങ്ങളുടെ മസ്തിഷ്കത്തിൽ നിറയെ ഇന്റഗ്രൽ ഇക്വേഷനുകളാണെന്ന്- ദശാബ്ദങ്ങൾ കഴിഞ്ഞ് വെയിലത്ത് തളർന്നു നടക്കുമ്പോൾ ഞാൻ ഓർത്തെടുക്കുന്ന മറ്റേറെ കാര്യങ്ങളുമുണ്ട്. നമ്മുടെ നിറഞ്ഞൊഴുകിയിരുന്ന പുഴകൾ. സ്വച്ഛന്ദത. ലാവണ്യമാർന്ന തണൽവെട്ടങ്ങൾ. ഇളംവെയിൽ മകരക്കുളിര്. വഴിയോരങ്ങളിലെ സൗഹൃദങ്ങൾ. പ്രാർത്ഥനകൾ പോലെ നിങ്ങളുടെ മുകളിൽ കുട നിവർത്തിയിരുന്ന മരങ്ങൾ. വിസ്മയത്തിന്റെ ചിമിഴുമായി കാത്ത് നിന്നിരുന്ന മലനിരകൾ. പാറക്കൂട്ടങ്ങൾ. മണ്ണിന്റെയും മനസ്സിന്റെയും നനവ്. കാരുണ്യത്തിന്റെ വറ്റാത്ത ജലസ്രോതസ്സുകൾ. ഹോസ്റ്റലിനരികെ മുനിഞ്ഞ് കത്തുന്ന വിളക്കുമായി ഒരു ജനതയെ മുഴുവൻ മുഴുവൻ വിസ്മയിപ്പിച്ച അരശുംമൂട് സരസു. തൊടിയിലെ കാക്കളും കുരുവികളും. തുമ്പപ്പൂവും തൊട്ടാവാടിയും-

സന്തുലിതവികസനത്തിന്റെ അടയാളങ്ങൾ, വഴികൾ ഇവ തന്നെയാണ്.

ഇന്നലെ രാവിലെ നമ്മുടെ കോളെജിൽ, എന്റെ ഇളംതലമുറക്കാരനായി പഠിച്ച സുരേഷ് സയൻസ് പാർക്കിന്റെ ആളൊഴിഞ്ഞ മൂലയിലേക്ക് വിളിച്ചുകൊണ്ടുപോയി ഒരു വിസ്മയക്കാഴ്ച കാണിച്ചു. ആയിരക്കണക്കിന് ചിത്രശലഭങ്ങളുടെ വർണ്ണാഭമായ സിംഫണി - കാട്ടിൽ മാത്രം വാഴുന്ന കല്ലൻവാഴ കുലച്ചിരിക്കുന്നു.

കവി വീരാൻകുട്ടി എഴുതിയത് പോലെ

"മുള്ളുവേലികൾക്ക് മുകളിൽ

കൊടുവേലി പൂത്തിരിക്കുന്നു"-

മനസ്സുകളിലെ മുള്ളുവേലികൾ എന്ന് ലേഖകന്റെ തിരുത്ത്